DON BOSCO ARTS AND SCIENCE COLLEGE
LIBRARY
ANGADIKADAVU

**M 10206**

Reg. No.: ..............................

Name : ..................................

**II Semester B.A./B.Sc./B.Com./B.B.A./B.B.A.T.T.M./B.B.M./B.C.A./B.S.W.**
**(CCSS-Regular/Supplementary/Improvement)**
**Degree Examination, March 2011**
**MALAYALAM (Common Course for B.A./B.Sc.)**
**2A08 MAL : ഭാഷയും ആശയവിനിമയവും**
**(Bhashayum Asayavinimayavum)**

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ**ന്നിന്റെയും മൂല്യം (വെയിറ്റേജ്) – **1.**

1) a) ''ശാപം കെടച്ച കുടുംബമാക്കും നമ്മടേത് !'' – ആരാണിങ്ങനെ പറയുന്നത് ?

b) ഒരു കുട്ടിയുടെയത്ര ഉയരമുള്ള പക്ഷിയുടെ പേരെന്ത് ?

c) 'അദ്ഭിപരിഗൃഹീതം' എന്ന പ്രയോഗം ഏത് ഉപനിഷത്തിലേതാണ് ?

d) എങ്ങനെയുള്ളവരെയാണ് മലബാറുകാർ 'പൂതം' എന്ന് വിളിക്കുന്നത് ?

2) a) തീറ്റയും വിസർജ്ജനവും വായ് കൊണ്ടു നടത്തുന്ന ജീവിയേത് ?

b) സ്കൂളിലെ 'ഒന്നാംപാഠം' എന്താണ് ?

c) പൊക്കുടൻ ആദ്യം കണ്ട നാണയമേത് ?

d) കോഴിപ്പേൻ അകറ്റാൻ ഉപയോഗിക്കുന്ന കണ്ടൽ ഏത് ?

3) a) എൻ. ശശിധരൻ രചിച്ച തിരക്കഥ ഏത് ?

b) 'ഈ വീട്ടിന്റെ ഓരോരോ ശാപങ്ങള് !' – ആരാണിങ്ങനെ പറയുന്നത് ?

c) ''ഞാൻ ശരിക്കും ചതിക്കപ്പെടുമായിരുന്നു'' – ആരുടെ വാക്കുകൾ ?

d) ''ഒന്നുകില് എന്നെ ഈ നരകത്ത്ന്ന് രക്ഷിക്ക്. അല്ലെങ്കിലെന്നെ കൊന്ന്താ '' – ആരുടെ വാക്കുകളാണിത് ?

4) a) 'സദാചരാനുസന്ധാനം' എന്ന പ്രകരണത്തിന്റെ കർത്താവാര് ?

b) 'തത്ത്വമസി' എന്നതിനേക്കാൾ ഇന്നും അഴീക്കോടിന്റെ ഹൃദയത്തിൽ മുഴങ്ങി നില്ക്കുന്ന പദമേത് ?

c) 'വേടക്കുടിലിലും ബ്രാഹ്മണ്യ സമ്പത്തി' യെന്ന് പാടിയ കവിയാര് ?

d) നമ്മുടെ ചെറുപ്പക്കാർ പ്രാപിക്കേണ്ട ഏറ്റവും മഹത്തായ പാരമ്പര്യമേത് ?

5) a) പഞ്ചവടിയിൽ കിഴക്കു ഭാഗത്തുള്ള വൃക്ഷമേത് ?

b) ഏത് ഭാഷയെയാണ് 'സാഹിത്യഭാഷ' എന്ന പദവിയിലേക്ക് ഉയർത്തണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചത് ?

c) ''ദൈവത്തിന്റെ വികൃതികൾ' എന്ന സിനിമയുടെ സംവിധായകനാര് ?

d) 'പിന്നോട്ടുമാത്രം മടങ്ങുന്ന
കാലുകൊണ്ടല്ലയോ
മുന്നോട്ട് പായുന്നിതാളുകൾ'' – ആരുടെ വരികളാണിത് ? **(4×1=4 Weightage)**

II. **എഴുപ്പത്തിയഞ്ച്** വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നിന്റെയും** വെയിറ്റേജ് – **1.**

6) 'പൂതപ്പാട്ടിൽ' ചെറിയേടത്തി അനിയന് പറഞ്ഞു കൊടുക്കുന്നത് എങ്ങനെയുള്ള പൂതത്തിന്റെ കഥയാണ് ?

7) മലയാള ഭാഷയോടുള്ള അവഗണന ഇല്ലാതാക്കാൻ ചെയ്യേണ്ടതെന്ത് ?

8) 'നീ അഹങ്കാരിയാണ്. നിന്റെ അമ്മയ്ക്ക് മുഴുത്ത അഹങ്കാരം'' – ആരാണിങ്ങനെ പറയുന്നത് ? സന്ദർഭമേത് ?

9) 'ഇത്തരം വിരോധാഭാസങ്ങളെക്കൊണ്ടു സുരഭിലമായ ഒരു ഭൂമിയാണ് ഉപനിഷത്ത്'' – വിരോധാഭാസങ്ങൾ എന്തെല്ലാം ?

10) ഒരു കണ്ടൽച്ചെടിയുടെ കഥ ആരംഭിക്കുന്ന വിധം ജോൺ സി.ജേക്കബ് വിവരിക്കുന്നതെങ്ങനെ ? **(4×1=4 Weightage)**

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **ഓരോന്നിന്റേയും** മൂല്യം – **2.**

11) ഒരു മഹാദുരന്തത്തിന്റെ തുടക്കം എത്ര ചെറുതായിരുന്നു'' – ആരുടെ വാക്കുകൾ ? എന്തായിരുന്നു മഹാദുരന്തം ?

12) ഇൻഡോളജിസ്റ്റുകളുടെ സവിശേഷ ശ്രദ്ധ പതിയേണ്ട പ്രശ്നങ്ങൾ ഏതെല്ലാം ?

13) ബാല്യകാലത്ത് ഇടശ്ശേരി കണ്ട പലതായ ദേവതാ സങ്കല്പങ്ങൾ ഏതെല്ലാം ? വിശദമാക്കുക.

14) ''ഇത്തരം കാര്യങ്ങളിൽ സ്ത്രീകളുടെ വാക്ക് നമ്മൾ കാര്യമാക്കേണ്ടതില്ല'' – ആരാണിങ്ങനെ പറയുന്നത് ? സന്ദർഭം വിശദമാക്കുക.

15) സമുദായവും പാർട്ടിയും പൊക്കുടന് അന്യമായി തോന്നിയതെന്തുകൊണ്ട് ?

16) 'പാറ്റേണുകൾ' ദർശിക്കാൻ കഴിയുന്നത് എവിടെയെല്ലാം ? **(5×2=10 Weightage)**

IV. **മുന്നുറു** വാക്കിൽ കവിയാതെ ഏതെങ്കിലും **മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോ**ന്നിന്റേയും മൂല്യം (വെയിറ്റേജ് ) – **4**.

17) മലയാളത്തെ ലോകഭാഷയാക്കുകയെന്ന നിർദ്ദേശത്തിലെ അപാകതകളെക്കുറിച്ചുള്ള ഇ.എം. എസ്സിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുക.

18) ഉപനിഷദ് സംസ്കാരത്തിന്റെ ആഴങ്ങളിലേക്കുള്ള അന്വേഷണമാണ് 'തത്ത്വമസിയെപ്പറ്റി' എന്ന പ്രഭാഷണം. – ഉപപാദിക്കുക.

19) 'ആധുനിക മനുഷ്യൻ അനുഭവിക്കുന്ന വ്യഥകളും സംഘർഷങ്ങളുമാണ് 'മഴ' എന്ന തിരക്കഥയിലൂടെ ആവിഷ്ക്കരിക്കുന്നത് ' – സമർത്ഥിക്കുക.

20) 'ആത്മകഥകളുടെ പതിവുഘടന സ്വീകരിച്ച് എഴുതിയ ഒരു കൃതിയല്ല; ഇല്ലായ്മകളെല്ലാം ഈ കൃതിക്കുള്ള വലിയ ഉണ്മയുടെ അടയാളമാണ് ' – കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിത'ത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

**(3×4=12 Weightage)**

---